# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കുളങ്ങൾ, കിണറുകൾ എന്നിവയുടെ സംരക്ഷണം**

3991 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) കേരളത്തിൽ വ്യാപകമായി കാണുന്ന കുളങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിനായി വർഷം തോറും ഒരു നിശ്ചിത തുക ഗ്രാന്റായി ഇതിന്റെ കൈവശക്കാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) നിലവിലുള്ള കിണറുകൾ മൂടുന്നത് കർശനമായി തടയുവാൻ ഇപ്പോൾ എന്തു നടപടിയാണ് സ്വീകരിക്കുന്നത് ; വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ നടപടി</u>

3992 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) വ്യക്തികൾക്കും സന്നദ്ധ സംഘടനകൾക്കും ഈ പ്രവർത്തനങ്ങളിൽ പങ്കാളിത്തവും സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### എൻ.ആർ.ഡബ്ല്യു.എസ്.എസ്. കുടിവെള്ള പദ്ധതി

3993 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.ആർ.ഡബ്ല്യു.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഇപ്രകാരം ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ജല ശുദ്ധീകരണ സംവിധാനങ്ങൾ</u>**

**3994** ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജല ശുദ്ധീകരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുളളത് ; വിശദമാക്കാമോ ;

(ബി) ഇതിനായി ചെലവ് കുറഞ്ഞതും പ്രകൃതിക്ക് അനുയോജ്യവും നൂതനവുമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുമോ ;

(സി) ഇവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുളള സ്ഥലങ്ങളിൽ സ്ഥാപിച്ച് ജല ശുദ്ധീകരണം ഉറപ്പുവരുത്തുമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

<u>**ജലശ്രീ ക്ലബ്ബുകൾ**</u>

**3995** **ശ്രീ. ഡോമിനിക് പ്രസന്റേഷൻ**
**'' ജോസഫ് വാഴക്കൻ**
**'' എം. എ. വാഹീദ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ജലവിഭവ വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ) സംസ്ഥാനത്ത് ജലശ്രീ ക്ലബ്ബുകൾ തുടങ്ങാനുദ്ദേശിക്കുന്നുവോ ;**

**(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;**

**(സി) ജലസംരക്ഷണം, സംഭരണം, ജലപദ്ധതി പ്രവർത്തനങ്ങൾ എന്നിവ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ജലശ്രീ ക്ലബ്ബുകൾ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പൈപ്പ് ലൈനുകളിലെ ജല ചോർച്ച**

3996 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പുകളിലെ ജല ചോർച്ച തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി നിലവിലുള്ള പൈപ്പുകൾക്ക് പകരം അത്യന്താധുനിക പൈപ്പുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ

## 27.06.2012 -ലെ മറുപടിക്ക്

**<u>ജല സാക്ഷരതാ പദ്ധതി</u>**

**3997** **ശ്രീ. വി. എസ്. സുനിൽ കുമാർ**
**,, ജി. എസ്. ജയലാൽ**
**,, ഇ. കെ. വിജയൻ**
**,, കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജല സാക്ഷരതാ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി ആരംഭിച്ചതെന്നാണ്;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ</u>

3998 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) ഇങ്ങനെ തയ്യാറാക്കുന്ന നീർത്തടങ്ങളുടെ തുടർ നടപടികൾ എന്തൊക്കെയാണെന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ നീർത്തടാധിഷ്ഠിത പ്ലാൻ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ തുടർച്ചയായി നദീതട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കൂടി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>സ്വകാര്യമേഖലവഴി കുടിവെള്ള വിതരണം</u>

3999 ശ്രീ. ജി. സുധാകരൻ
,, പി. റ്റി. എ. റഹീം
,, എം. ഹംസ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കുടിവെള്ള വിതരണം സ്വകാര്യമേഖലയെ ഏല്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധമായ സർക്കാർ നിലപാട് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>ചെറുകിട കുടിവെള്ള പദ്ധതി</u>**

**4000** **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂജലവകുപ്പുവഴി നടപ്പാക്കുന്ന ചെറുകുടിവെള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂജലവകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർ എന്നിവർക്ക് പ്രസ്തുത പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>പമ്പ ആക്ഷൻ പ്ലാൻ-പ്രവൃത്തികൾ</u>**

**4001 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പമ്പ ആക്ഷൻ പ്ലാനിന്റെ 1-ാം ഘട്ടത്തിലുൾപ്പെടുത്തിയ പ്രവൃത്തികൾ ഏതൊക്കെ എന്ന് പദ്ധതിയുടെ പേരും, അതിനായി ചെലവഴിച്ച തുകയും സഹിതം വ്യക്തമാക്കുമോ;

(ബി) 1-ാം ഘട്ടത്തിലെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ; ഇവയുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഇവ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഏതൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പമ്പ ആക്ഷൻ പ്ലാനിന്റെ 2-ാം ഘട്ടം നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിൽ ഏതൊക്കെ പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് പ്രോജക്ടിന്റെ പേരും തുകയും സഹിതം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### അണക്കെട്ടുകളുടെ സംഭരണശേഷി ഇവാലുവേഷൻ

4002 ശ്രീ. സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസേചനാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള അണക്കെട്ടുകളുടെ സംഭരണശേഷി സംബന്ധിച്ച് ഇവാലുവേഷൻ നടത്താറുണ്ടോ ; എങ്കിൽ എത്ര വർഷത്തിലൊരിക്കലാണ് നടത്താറുള്ളത് ;

(ബി) അണക്കെട്ടുകളുടെ സംഭരണശേഷിയിൽ കുറവു വരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(സി) ഡാമുകളിൽ സിൽറ്റ് അടിയുന്നതിന്റെ തോത് വർഷം തോറും കുറയുന്നതായാണോ വർദ്ധിക്കുന്നതായാണോ കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വൻകിട സ്ഥാപനങ്ങൾക്ക് ക്രമവിരുദ്ധമായി കണക്ഷനുകൾ**

4003 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ വാട്ടർഫാൾ എന്ന പേരിൽ ജലവിഭവ വകുപ്പിലെ വിജിലൻസ് വിഭാഗം ആലപ്പുഴ ജല അതോറിറ്റി ഓഫീസിൽ നടത്തിയ പരിശോധനയിൽ എത്ര രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) വൻകിട സ്ഥാപനങ്ങൾക്ക് ക്രമവിരുദ്ധമായി കണക്ഷനുകൾ നൽകിയതിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കിയ ജല അതോറിറ്റി ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ക്രമവിരുദ്ധമായി കുടിവെള്ളം കൈക്കലാക്കിയ സ്ഥാപനങ്ങളുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ടെട്രാപായ്ക്കുകളിൽ കുടിവെള്ളം**

4004 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് കുപ്പികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതികപ്രശ്നം പരിഹരിക്കാൻ ടെട്രാപായ്ക്കുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എവിടെയെല്ലാമാണ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**'കബോംബ' ഉയർത്തുന്ന പാരിസ്ഥിതികപ്രശ്നം**

4005 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുളവാഴ, ആഫ്രിക്കൻപായൽ എന്നിവയ്ക്ക് പിന്നാലെ കബോംബ എന്ന അമേരിക്കൻ ജലസസ്യം കേരളത്തിലെ ജലാശയങ്ങളിൽ വ്യാപിച്ച് അപകടകരമായ പാരിസ്ഥിതിക പ്രശ്നമുണ്ടാക്കി യിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലത്തിലെ പ്രാണവായു വലിച്ചെടുക്കുകയും, ഒഴുകിവരുന്ന മണ്ണും ചെളിയും തടഞ്ഞ് ജലാശയങ്ങളുടെ ആഴം കുറയ്ക്കുകയും, ഇവയുടെ ശിഖരങ്ങൾ പൊന്തികിടന്ന് സൂര്യ പ്രകാശം ജലത്തിലെത്തുന്നതു തടഞ്ഞ് ജൈവസന്തുലിതാവസ്ഥയെ തകിടം മറിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിന് അടിയന്തിരപ്രാധാന്യം നല്കി ഇവയെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഫ്ളാറ്റുകളിലേക്ക് ജലമോഷണം**

**4006**

**ശ്രീ. സി. കെ. നാണു**
**,, ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് ഫ്ളാറ്റുകളിലേക്കും കെട്ടിട സമുച്ചയങ്ങളിലേക്കും നടക്കുന്ന ജലമോഷണം തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;**

(ബി) **എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?**

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**കാസര്‍ഗോഡ് ജില്ലയില്‍ കുഴല്‍കിണറുകള്‍**

**4007 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കാസര്‍ഗോഡ് ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് ഭൂഗര്‍ഭ ജലത്തിന്റെ ചൂഷണം മൂലം നോട്ടിഫൈഡ് ബ്ലോക്കില്‍ ഉള്‍പ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളില്‍ ഇപ്പോള്‍ കുഴല്‍ കിണറുകള്‍ സ്ഥാപിക്കാന്‍ അനുമതി നല്‍കുന്നുണ്ടോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരം ജില്ലയിലെ കുഴൽക്കിണറുകൾ**

4008 **ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ എത്ര കുഴൽകിണറുകൾ കുഴിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) അവയിൽ ഇപ്പോൾ എത്രയെണ്ണമാണ് പ്രവർത്തനക്ഷമമായി
ട്ടുളളത്;

(സി) കഴിഞ്ഞ വർഷം അറ്റകുറ്റപണികൾ നടത്തിയ കുഴൽകിണറുകളുടെ എണ്ണം എത്രയാണ്;

(ഡി) കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമുണ്ടോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മീനാട് ശുദ്ധജല പദ്ധതി**

4009 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന മീനാട് ശുദ്ധജല പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി അറിയിക്കുമോ;

(ബി) ഭാഗികമായി കമ്മീഷൻ ചെയ്ത പ്രസ്തുത പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകിയെന്ന് അറിയിക്കുമോ; ഇത് ഏത് ഗ്രാമപഞ്ചായത്തിലാണ് നൽകിയിട്ടുള്ളത്;

(സി) കണക്ഷൻ നൽകുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിലേക്ക് ഗുണഭോക്താവിൽ നിന്നും എത്ര രൂപ ഈടാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കണക്ഷൻ നൽകുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>മലപ്പുറം ജില്ലയിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>**

4010 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ജലവിഭവ വകുപ്പ് മലപ്പുറം ജില്ലയിൽ ഭരണാനുമതി നൽകിയ വിവിധ പദ്ധതികൾ ഏതെല്ലാം;

(ബി) അവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദാംശം നൽകാമോ;

(സി) മലപ്പുറം മണ്ഡലത്തിൽ മാത്രം എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും എത്ര പദ്ധതികളുടെ പണി പൂർത്തീകരിച്ചെന്നും വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക, പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി എന്നിവയുടെ വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ചേര്‍ത്തലയില്‍ വാട്ടര്‍ അതോറിറ്റി അംഗീകരിച്ച പ്രവൃത്തികള്‍**

4011 **ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വാട്ടര്‍ അതോറിറ്റിയുടെ ഹൈ ലെവല്‍ കമ്മിറ്റി അവസാനമായി ചേര്‍ന്ന് അംഗീകരിച്ച ചേര്‍ത്തല മണ്ഡലത്തിലെ ജോലികള്‍ സംബന്ധിച്ച ലിസ്റ്റും ലഭ്യമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം വാട്ടര്‍ അതോറിറ്റിയുടെ ഹൈ ലെവല്‍ കമ്മിറ്റി അംഗീകരിച്ചു നടപ്പിലാക്കിയ ചേര്‍ത്തല മണ്ഡലത്തിലെ ജോലികളുടെ വിശദവിവരം, ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

4012 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിപ്രകാരം സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി എത്ര കുളം നിർമ്മിച്ചിട്ടുണ്ട്; ഈ പദ്ധതി ഏത് ഘട്ടത്തിലാണ് എന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) ഈ വർഷംതന്നെ എല്ലാ പഞ്ചായത്തുകളിലും കുളം നിർമ്മിച്ച് നൽകുമോ;

(സി) പദ്ധതിപ്രകാരം നിർമ്മിക്കുന്ന കുളങ്ങൾ എപ്രകാരം ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഇവയുടെ നിയന്ത്രണം ആരുടെ മേൽനോട്ടത്തിലായിരിക്കും?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പുനൂർപുഴയുടെ സംരക്ഷണം**

**4013 ശ്രീ. എ.കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ പണ്ടാരപ്പറമ്പത്ത് തെക്കുഭാഗത്ത് പൂനൂർപുഴയുടെ വശം കെട്ടി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിൽ എന്തു നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിലെ കുളം/ചിറ കെട്ടി സംരക്ഷിക്കുന്ന പദ്ധതി</u>

4014 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം/ചിറ കെട്ടി സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ നിന്ന് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള കുളങ്ങളും/ചിറകളും ഏതെല്ലാമെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### തലശ്ശേരിയിലെ പട്ടർവയൽ കുടിവെള്ള പദ്ധതി

4015 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ചൊക്ലി ടൗണിൽ സ്ഥിതി ചെയ്യുന്ന പട്ടർവയൽ കുടിവെള്ള പദ്ധതിയിൽ നവീകരണ പ്രവൃത്തി നടത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി ഈ സാമ്പത്തിക വർഷം എന്തു തുക നീക്കിവെച്ചെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**'ചീക്കോട് കുടിവെള്ള പദ്ധതി'**

4016 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ 'ചീക്കോട് കുടിവെള്ള പദ്ധതി'യുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ഇതിന്റെ ഏതെല്ലാം പ്രവൃത്തികളുടെ ടെണ്ടർ നടപടികളാണ് പൂർത്തിയായിട്ടുള്ളത്;

(സി) ഇനിയും ഏതെങ്കിലും ടെണ്ടർ നടപടികൾ പൂർത്തിയാകാനുണ്ടോ; വിശദമാക്കുമോ;

(ഡി) ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇവ എന്ന് പൂർത്തിയാക്കുവാൻ കഴിയും;

(ഇ) ഓരോ പ്രവൃത്തിയിലും കരാറുകാർ ഇതിനകം പൂർത്തിയാക്കിയ ജോലികൾ ഏതെല്ലാമെന്നും, ബാക്കിയുള്ളവയുടെ പണി എന്ന് ആരംഭിക്കുമെന്നും അറിയിക്കുമോ;

(എഫ്) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ ഉന്നതതലയോഗം വിളിച്ചുകൂട്ടുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കല്ലുവാതുക്കൽ ആടുതല പാലത്തിന് സമീപം ചെക്ക് ഡാം</u>**

**4017 ശ്രീ. ജി.എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ആടുതല പാലത്തിന് സമീപം ചെക്ക് ഡാം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) ചെക്ക് ഡാം നിർമ്മിക്കാത്തപക്ഷം പരിസ്ഥിതിക്കും നിലവിലുള്ള കുടിവെള്ള പദ്ധതിക്കും പാലത്തിനും ദോഷം സംഭവിക്കാൻ സാധ്യതയുള്ളതായി ശ്രദ്ധിക്കപ്പെട്ടിരുന്നോ;

(സി) ചെക്ക് ഡാം നിർമ്മിക്കുന്നതിലേക്ക് ലഭിച്ച അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കൈനൂർ ചിറയിൽ റെഗുലേറ്റർ കം ബ്രിഡ്ജ്**

4018 **ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിലെ കൈനൂർ ചിറയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സർക്കാർ കണക്കുപ്രകാരം പ്രസ്തുത സ്ഥലത്ത് ഒഴുക്കിൽപ്പെട്ട് എത്ര പേർ മരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>വൈപ്പിനിലെ മേജര്‍ ഇറിഗേഷന്‍, മൈനര്‍ ഇറിഗേഷന്‍ പദ്ധതികള്‍</u>**

4019 **ശ്രീ. എസ്. ശര്‍മ്മ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മേജര്‍ ഇറിഗേഷന്‍, മൈനര്‍ ഇറിഗേഷന്‍ വകുപ്പുകള്‍ മുഖേന നടപ്പിലാക്കുന്ന വൈപ്പിന്‍ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികള്‍ക്കാണ് ഈ സര്‍ക്കാര്‍ വന്നതിനുശേഷം അനുമതി നല്‍കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കായലിനോട് ചേര്‍ന്ന ഭാഗങ്ങളില്‍ കല്‍ച്ചിറ കെട്ടുന്നതിനും തോടുകളുടെ ആഴം വര്‍ദ്ധിപ്പിക്കുന്നതിനും വൈപ്പിന്‍ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് അനുമതിക്കായി സമര്‍പ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികള്‍ക്ക് അനുമതി നല്‍കുവാന്‍ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; ഇല്ലെങ്കില്‍, അനുമതി നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികള്‍ക്ക് അനുമതി നല്‍കുന്നതിന് എന്തെങ്കിലും തടസ്സങ്ങള്‍ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

## കുറ്റ്യാടി ജലസേചന പദ്ധതി

4020 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതി കനാലിന്റെ നവീകരണ പ്രവൃത്തികൾക്ക് മുൻ സർക്കാർ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുകയാണ് ചെലവഴിച്ചത്;

(സി) കനാൽ നവീകരണ പ്രവൃത്തികൾക്ക് ഈ സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിൽ പ്രോജക്ട് ഡിവിഷൻ**

**4021 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയ്ക്കായി നിലവിൽ വാട്ടർ അതോറിറ്റിയുടെ ഒരു പ്രോജക്ട് ഡിവിഷൻ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നിൽകൂടുതൽ പ്രോജക്ട് ഡിവിഷനുകളുള്ള ജില്ല ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കുടിവെള്ള ക്ഷാമം രൂക്ഷമായി നേരിടുന്ന കാസർഗോഡ് കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കി അനുമതി ലഭിക്കുന്നതിനും അനുവദിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുമായി ജില്ലയ്ക്ക് ഒരു പ്രോജക്ട് ഡിവിഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**റാന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

**4022 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഏതൊക്കെ കുടിവെള്ള പദ്ധതികളാണ് എസ്. എൽ. ഇ. സി. യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പെരുനാട്-അത്തിക്കയം- എഴുമറ്റൂർ പദ്ധതികൾക്ക് ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം എത്ര കോടി രൂപ വീതം വേണ്ടിവരുമെന്ന് അറിയിക്കുമോ;

(സി) അയിരൂർ പദ്ധതിക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഏറ്റവുമൊടുവിൽ ചേർന്ന എസ്. എൽ. ഇ. സി. യിൽ ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് പദ്ധതിയുടെ പേരും തുകയും സഹിതം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**കോഴിക്കോട് കൂളിമാട്ട് കുടിവെള്ളപദ്ധതി**

4023 **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൂളിമാട്ട് കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യും മുമ്പ് അതിന്റെ കിണർ തകർന്ന് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കിണർ പൂർവ്വ സ്ഥിതിയിലാക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതിക്ക് വേണ്ടി എത്ര തുകയാണ് ചെലവഴിച്ചത്;

(ഇ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**പട്ടികജാതി-വര്‍ഗ്ഗ കോളനികളില്‍ കുടിവെള്ള പദ്ധതി**

**4024 ശ്രീ. ജോസ് തെറ്റയില്‍**
**,, സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി പട്ടികവര്‍ഗ്ഗകോളനി, ലക്ഷംവീട് കോളനി എന്നിവിടങ്ങളില്‍ കുടിവെള്ള വിതരണത്തിന് പ്രത്യേക പദ്ധതികള്‍ നിലവിലുണ്ടോ;

(ബി) ഈ സാമ്പത്തികവര്‍ഷം പുതുതായി എത്ര വീടുകള്‍ക്ക് കുടിവെള്ളം നല്‍കാനുള്ള പദ്ധതി ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ്</u>

4025 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 140 അടിയായി വർദ്ധിപ്പിച്ചാൽ എത്ര ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകും;

(ബി) പ്രസ്തുത പ്രദേശത്തെ വനഭൂമിയിൽ ആദിവാസികൾ വസിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവരുടെ ജീവിതത്തെ അണക്കെട്ടിലെ ജലനിരപ്പ് വർദ്ധിപ്പിക്കുന്നത് ബാധിക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആവാസത്തെ ഇത് എങ്ങിനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ജലനിരപ്പ് വർദ്ധിപ്പിക്കുന്നത് വനനശീകരണത്തിനിടയാക്കുമെന്നും ആദിവാസി-വന്യജീവി ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്നും സംസ്ഥാന സർക്കാർ കോടതികളിൽ സമർത്ഥിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കാലപ്പഴക്കമുളള അണക്കെട്ടുകൾ</u>**

**4026 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 30 വർഷത്തിലധികം പഴക്കമുളള എത്ര അണക്കെട്ടുകൾ കേരളത്തിലുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) കാലപ്പഴക്കം കാരണം തകരുമെന്ന ഭീഷണിയുളള ഏതെങ്കിലും അണക്കെട്ടുകൾ സംസ്ഥാനത്ത് ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മങ്കടയിൽ സ്ഥിരം തടയണ നിർമ്മാണം**

4027 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ മോദിക്കടവിൽ സ്ഥിരം തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൂട്ടിലങ്ങാടി പഞ്ചായത്തിലെ 3000 ത്തോളം വരുന്ന കുടുംബങ്ങൾക്ക് ജലവിതരണം നടത്തുന്ന മോദിക്കടവ് പമ്പ് ഹൗസിൽ ജലവിതരണം നടത്തുന്നതിന് പര്യാപ്തമായ വെള്ളം ലഭിക്കുന്നതിന് സ്ഥിരം തടയണ നിർമ്മിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കാളിപ്പാറ കുടിവെള്ള പദ്ധതി**

**4028 ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ ഉത്ഘാടനം എന്നത്തേയ്ക്കു നടപ്പാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മുല്ലപ്പെരിയാർ പരിസ്ഥിതി പഠന റിപ്പോർട്ട്**

**4029 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**മുല്ലപ്പെരിയാറിൽ പുതിയ ഡാമിനുവേണ്ടിയുള്ള പരിസ്ഥിതി പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാണോ; റിപ്പോർട്ടിലെ വിശദാംശം വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### തലശ്ശേരി വടക്കുമ്പാട് ഉമ്മൻചിറ അണക്കെട്ടിന്റെ നിർമ്മാണം

4030 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി വടക്കുമ്പാട് ഉമ്മൻചിറ അണക്കെട്ടിന്റെ നിർമ്മാണം സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി ബഡ്ജറ്റിൽ എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഡിസൈൻ അപ്രൂവൽ, സാങ്കേതികാനുമതി എന്നിവ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് ജില്ലയിലെ കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതി</u>**

**4031 ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഈ വർഷം മൈനർ ഇറിഗേഷൻ എത്ര കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലെയും കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ക്ഷേത്രകുളങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**റാന്നി മണ്ഡലത്തിലെ വരള്‍ച്ചാ ദുരിതാശ്വാസ പദ്ധതി**

**4032** **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വരള്‍ച്ചാ ദുരിതാശ്വാസ പദ്ധതിയിലുള്‍പ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിലുള്‍പ്പെടുന്ന ഏതൊക്കെ കുടിവെള്ള പദ്ധതികളും പൈപ്പ് നീട്ടല്‍ പൈപ്പ് മാറ്റിയിടല്‍ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട് എന്ന് പദ്ധതിയുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ; ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ;

(ബി) വരള്‍ച്ചാ ദുരിതാശ്വാസ പദ്ധതിയിലുള്‍പ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിലെ പട്ടികജാതി/പട്ടിക വര്‍ഗ്ഗ സങ്കേതങ്ങളിലെ ഏതൊക്കെ പദ്ധതികള്‍ക്കായാണ് പൈപ്പ് നീട്ടല്‍/പൈപ്പിടല്‍ പദ്ധതികള്‍ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്; ഇവയുടെ അംഗീകാരത്തിനായി എന്തൊക്കെ നടപടികളാണ് പൂര്‍ത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### റാന്നിയിലെ ശുദ്ധജല വിതരണ പദ്ധതികൾ

4033 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പെട്ടി-അങ്ങാടി സ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇനിയും എന്തൊക്കെ നടപടികളാണ് ഈ പദ്ധതി സംബന്ധിച്ച് പൂർത്തീകരിക്കാനുള്ളത്;

(ബി) കൊല്ലുമുള ശുദ്ധജല വിതരണ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വടശ്ശേരിക്കര പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടംവരെയായി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ചെറുകോൽ-നാരങ്ങാനം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്നാണ് ആരംഭിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീയാക്കാനുള്ളത്; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഉപ്പള ശുദ്ധജലപദ്ധതിയുടെ പ്രവർത്തനം**

**4034 ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള ശുദ്ധജലപദ്ധതിയുടെ പ്രവർത്തനം പുഴയിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ നിലച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് വെള്ളം ലഭ്യമാക്കുന്നതിന് അണക്കെട്ട് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഷിറിയ പുഴയിലെ ഇച്ചിലംകോട് നിന്നും വെള്ളം പമ്പ് ചെയ്ത് നിലവിലുള്ള കുബനൂർ ടാങ്കിൽ എത്തിച്ചാൽ പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ വെള്ളം യഥേഷ്ടം ലഭിക്കുമോയെന്ന് പരിശോധിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കുഴൽമന്ദം ശുദ്ധജലവിതരണ പദ്ധതി**

4035 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം ശുദ്ധ ജലവിതരണ പദ്ധതി വിപുലപ്പെടുത്തുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിലുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ ആർ. ഒ., സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ</u>**

**4036 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലേക്ക് അനുവദിച്ച ആർ.ഒ പ്ലാന്റും അനുബന്ധ ജോലികളും നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) റിവേഴ്സ് ഓസ്മോസിസ് പ്ളാന്റും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കുട്ടനാട് വാട്ടർ അതോറിറ്റി അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ</u>**

**4037 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വാട്ടർ അതോറിറ്റി അഡ്വൈസറി കമ്മിറ്റിയുടെ കഴിഞ്ഞ മീറ്റിംഗിലെ ഏതെല്ലാം നിർദ്ദേശങ്ങളും പരാതികളുമാണ് പരിഹരിച്ചിട്ടുളളത്;

(ബി) ആയവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കുട്ടനാട് പാക്കേജിലെ ബണ്ട് നിർമ്മാണം**

4038 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ബണ്ട് നിർമ്മാണത്തിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ടെൻഡർ ചെയ്യുന്നതിനു പകരം ഓരോ പാടശേഖരത്തിന്റെയും ടെൻഡർ പ്രത്യേകം ക്ഷണിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ടെൻഡർ നടപടികളുടെ അനാവശ്യ കാലതാമസവും ഓഫീസ് നടപടിക്രമങ്ങളുടെ സങ്കീർണ്ണതകളും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കുട്ടനാട് പാക്കേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ അതാത് പാടശേഖരങ്ങളെ ഏൽപ്പിക്കുന്നതിൽ ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ വല്ലതുമുണ്ടോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ പമ്പ് ഓപ്പറേറ്റർ നിയമനം</u>

4039

**ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 22 പമ്പ് ഹൗസുകളിലും നിലവിലുള്ള ഒഴിവുകളിൽ പി.എസ്. സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ജീവനക്കാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഒഴിവുകളിൽ കോൺട്രാക്ടർമാർ ഏർപ്പെടുത്തുന്ന ജീവനക്കാർക്ക് പകരം താല്ക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം അടിയന്തിര നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഏതെല്ലാം കോൺട്രാക്ടർമാരാണ് നിലവിലുള്ള താല്ക്കാലിക പമ്പ് ഓപ്പറേറ്റർമാരെ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതി**

4040 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ പണികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വാമനപുരത്തെ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പദ്ധതികൾ**

4041 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത വകുപ്പുകൾ അടിയന്തിരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**മാവേലിക്കരയിലെ കനാൽ ശുദ്ധീകരണവും പ്രവൃത്തികളും**

**4042 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ കല്ലിമേൽ അക്വാഡേറ്റിനോട് ചേർന്ന് കനാലിൽ വലിയ മാലിന്യപ്രശ്നങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ കൊല്ലകടവ് പാലം മുതൽ അക്വാഡേറ്റ് വരെ അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**ഒറ്റപ്പാലത്തെ ഗ്രാമീണ ജലവിതരണ പദ്ധതികള്‍**

**4043 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഒറ്റപ്പാലത്തെ അസംബ്ലി മണ്ഡലത്തില്‍ നബാര്‍ഡിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന ഗ്രാമീണ ജലവിതരണ പദ്ധതികള്‍ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ആര്‍. ഐ. ഡി. എഫ്. XIV -ല്‍ ഉള്‍പ്പെടുന്ന ഏതെല്ലാം ഗ്രാമീണ ജലവിതരണ പദ്ധതികളാണ് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലുള്ളത്; ഓരോന്നിനും എന്ത് തുകയാണ് നീക്കിവച്ചിരുന്നത്; ഏതെല്ലാം പദ്ധതികള്‍ പൂര്‍ത്തിയാക്കി; ഇല്ലെങ്കില്‍ ഓരോ പദ്ധതിയുടെയും നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ; ഇനി ഏതെല്ലാം പ്രവൃത്തികള്‍ അവശേഷിക്കുന്നുണ്ട്; എന്ന് കമ്മീഷന്‍ ചെയ്യാന്‍ കഴിയും;

(സി) നബാര്‍ഡ് ധനസഹായത്താല്‍ നടപ്പാക്കിവരുന്ന ആര്‍. ഐ. ഡി. എഫ്. XVI-ല്‍ എന്തെല്ലാം പ്രവൃത്തികള്‍ ആണ് നടത്തിവരുന്നത് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആര്‍. ഐ. ഡി. എഫ് XVII-ല്‍ ഉള്‍പ്പെടുന്ന ഗ്രാമീണ ജലവിതരണ പദ്ധതികള്‍ ഏതെല്ലാം; എത്ര തുകയുടെ പദ്ധതിയാണ് ലക്ഷ്യമിടുന്നത്; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ചാത്തന്നൂരിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ**

**4044 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വകുപ്പ് മുഖേന 2011-12 ൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിലേക്ക് നിർദ്ദേശിച്ചിരുന്ന പ്രവൃത്തികൾ എന്തൊക്കെയായിരുന്നു; ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു; പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം തുടരുന്നതോ, പൂർത്തീകരിച്ചതോ ആയ പ്രവൃത്തികൾ ഉണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) 2012-13 വർഷത്തിൽ മേൽപ്പറഞ്ഞ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായുള്ള പ്രവൃത്തികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>വെള്ളരിക്കുണ്ട് - കൊന്നക്കാട് ശുദ്ധജലവിതരണം</u>

4045 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് മുതൽ കൊന്നക്കാട് വരെയുള്ള റോഡ് നവീകരണ പ്രവൃത്തിയുടെ ഫലമായി ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പുകൾ നശിച്ചുപോയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പുകളാണ് നശിച്ചതെന്നും ഇത് പുന:സ്ഥാപിക്കാൻ എത്രചെലവുവരുമെന്നും അറിയിക്കാമോ;

(സി) പൈപ്പുകൾ നശിക്കാൻ കാരണം ആരുടെ ഭാഗത്തുന്നുള്ള വീഴ്ചയാണെന്ന് അറിയിക്കാമോ:

(ഡി) പൈപ്പുകൾ പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ചേർത്തല താലൂക്കിലെ കുടിവെള്ളവിതരണം</u>**

**4046 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ജനങ്ങൾക്ക് വിതരണം ചെയ്യേണ്ട വെള്ളം കൊച്ചിയിലെ വ്യവസായ സ്ഥാപനങ്ങളിലേയ്ക്ക് വിതരണം ചെയ്യാൻ നീക്കം നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് വാസ്തവമാണോ;

(ബി) വർഷങ്ങൾക്കു മുമ്പ് അപേക്ഷ നൽകി കണക്ഷൻ കിട്ടാൻ കാത്തിരിക്കുന്ന ചേർത്തലയിലെ ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നതിന് സങ്കീർണ്ണമായ നടപടിക്രമങ്ങൾ പാലിക്കണമെന്ന സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും അതുകൊണ്ടാണ് കുടിവെള്ളകണക്ഷന് അപേക്ഷിക്കാൻ ജനങ്ങൾ വൈമുഖ്യം കാണിക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കി അമിതമായ സാമ്പത്തിക ബാധ്യതകളും നടപടി ക്രമങ്ങളും ലഘൂകരിച്ച് എത്രയും വേഗം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കാപ്പിത്തോടിന്റെ നവീകരണം**

**4047 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാപ്പിത്തോടിന്റെ നവീകരണത്തിനായി 5 കോടി രൂപ അനുവദിക്കുമെന്ന് മുൻ സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) കാപ്പിത്തോടിൽ നിന്നുള്ള ദുർഗന്ധം മൂലം വിദ്യാർത്ഥികൾ തലചുറ്റി വീണ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കാപ്പിത്തോട് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) വനം വകുപ്പ് മന്ത്രി പ്രസ്തുത പ്രദേശം സന്ദർശിച്ച് നവീകരണ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുളള സാഹചര്യത്തിൽ പ്രസ്തുത വകുപ്പുമായി ചേർന്ന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**നേമത്തെ പട്ടികജാതിയിൽപ്പെട്ട പത്തോളം കുടുംബങ്ങൾക്ക് ഡ്രെയിനേജ് കണക്ഷൻ**

4048 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പുന്നയ്ക്കാമുഗൾ വാർഡിലെ വട്ടവിള കൊടൂർകോണം കുളത്തിനു സമീപം താമസിക്കുന്ന പട്ടികജാതിയിൽപ്പെട്ട പത്തോളം കുടുംബങ്ങൾക്ക് ഡ്രെയിനേജ് കണക്ഷൻ കൊടുക്കുന്നതിനായി വാട്ടർ അതോറിറ്റി-സ്വീവറേജ് ഡിവിഷന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

ചിതറ, മടത്തറ, മൈലമൂട് പ്രദേശത്തെ പൈപ്പ് മാറ്റം

4049 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കി സമർപ്പിച്ച ചിതറ, മടത്തറ, മൈലമൂട് ഭാഗങ്ങളിലെ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും പമ്പുഹൗസിനുമുള്ള എസ്റ്റിമേറ്റിന് ഉടൻ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ജലസേചന വകുപ്പിന്റെ കെട്ടിടം പ്രീമെട്രിക് ഹോസ്റ്റലിനായി ലഭ്യമാക്കുന്നതിന് നടപടി**

**4050 ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചുവന്നമണ്ണ് പ്രീമെട്രിക് ഹോസ്റ്റലിനായി പീച്ചിയിൽ ജലവിഭവ വകുപ്പിന്റെ ഒഴിഞ്ഞു കിടക്കുന്ന ക്യാന്റീൻ കെട്ടിടം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിന്റെ നടപടി ക്രമങ്ങൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മലപ്പുറത്ത് മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിന് ഭൂമി**

**4051 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വടക്കാങ്ങര വില്ലേജിൽ ജലവിഭവ വകുപ്പിന്റെ കീഴിലുളള തരിശ് ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ട് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഭൂമി വിട്ടു നൽകുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>കാക്കടവിൽ സ്ഥിരം തടയണ നിർമ്മാണം</u>

4052 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാക്കടവിൽ വർഷാവർഷം നിർമ്മിച്ചുവരുന്ന താല്ക്കാലിക തടയണകൾ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ അവിടെ സ്ഥിരം തടയണ നിർമ്മിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഊന്നുകുറ്റികൾക്ക് നഷ്ടപരിഹാരം**

**4053 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ദേശീയ ജലപാതയ്ക്കായി എത്ര ഊന്നുകുറ്റികൾ നീക്കം ചെയ്യണം എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഓരോ ഊന്നുകുറ്റിക്കും നൽകുന്ന നഷ്ടപരിഹാരം വളരെ തുച്ഛമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക**

**4054 ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് സംസ്ഥാനത്ത് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക എത്രയാണ് ;

(ബി) ഏറ്റവും കൂടുതൽ തുക കുടിശ്ശിക ആയി ലഭിക്കാനുള്ളത് ആരിൽ നിന്നാണെന്നും പ്രസ്തുത തുക എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ വഴിയോര കുടിവെള്ള ടാപ്പുകൾ നിർത്തലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ പൂവമ്പാറയിൽ കരയിടിച്ചിൽ**

**4055**

**ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ വാമനപുരം നദിയ്ക്ക് കുറുകെ പൂവമ്പാറയിൽ തടയണ കെട്ടിയതിനെ തുടർന്നുണ്ടായിരിക്കുന്ന കരയിടിച്ചിൽ സമീപവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>പുറക്കാട് ഗ്രാമപഞ്ചായത്തിലെ കടൽത്തീര സംരക്ഷണം</u>**

**4056 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൽ 4.5 കി. മീറ്റർ ഭാഗത്ത് കടൽഭിത്തി കെട്ടുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പടിഞ്ഞാറെക്കര അഴിമുഖത്തെ കര ഇടിച്ചിൽ**

**4057 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ പഞ്ചായത്തിലെ പടിഞ്ഞാറെക്കര അഴിമുഖത്ത് ജനവാസത്തിന് ഭീഷണിയാകുംവിധം കര ഇടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിട്ടുള്ളത്;

(ഡി) ഇതിൻമേലുള്ള നടപടി ഏതുവരെയായി എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കരിച്ചൽ പമ്പ് ഹൗസിന്റെ ട്രാൻസ്ഫോർമർ**

4058

**ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരംകുളം സബ്ഡിവിഷന് കീഴിലുള്ള കരിച്ചൽ പമ്പ് ഹൗസിൽ 2010 ജൂണിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ച ട്രാൻസ്ഫോമർ ഇതുവരെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണമെന്ത്;

(സി) പ്രസ്തുത ട്രാൻസ്ഫോമർ അടിയന്തിരമായി പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലെ</u>**
**<u>ഡെയ്‌ലി വേജസ് നിയമനങ്ങൾ</u>**

**4059 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യത്തിന്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെയ്‌ലി വേജസ് അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് ഏതെല്ലാം തസ്തികയിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ പ്രമോഷൻ</u>

**4060**

**ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ എ. ഇ. തസ്തികയിലേയ്ക്കുള്ള പ്രമോഷന് ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രമോഷൻ സംബന്ധിച്ച് ഇപ്പോൾ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കേസ് നിലവിലുള്ളപ്പോൾ തന്നെ എത്ര പേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്; പ്രൊവിഷണൽ പ്രമോഷൻ നൽകുന്നതിന് തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രൊവിഷണൽ പ്രമോഷൻ നൽകുന്നതുകൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് എന്തെങ്കിലും സാമ്പത്തിക ബാധ്യതയുണ്ടാകുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ നടപടി**

**4061**

**ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കൊയിലാണ്ടി മൈനർ ഇറിഗേഷൻ ഡിവിഷനിൽ എൽ.ഡി. ക്ലാർക്കായ ജി. അരുണയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) അരുണയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>കായംകുളം കായലിലെ ഗതാഗതം സുഗമമാക്കാൻ നടപടി</u>

4062 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയിലുൾപ്പെട്ട കായംകുളം കായലിൽ നിന്ന് കായംകുളം ഡി.റ്റി.പി.സി അമിനിറ്റി സെന്ററിന്റെ പടിഞ്ഞാറ് ഭാഗം വരെയുള്ള 5 1/2 കിലോമീറ്റർ ദൈർഘ്യമുള്ള ഉപജലപാത ചെളിയും മണ്ണും നിറഞ്ഞ് അതിലൂടെയുള്ള ജലഗതാഗതം ദുഷ്കരമായിരിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കായലിലെ ചെളിയും മണ്ണും നീക്കം ചെയ്ത് ജലഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**എറണാകുളത്തെ സീപോര്‍ട്ട് - എയര്‍പോര്‍ട്ട് അതിവേഗ ജലപാത**

**4063 ശ്രീ. സാജുപോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) എറണാകുളം ജില്ലയിലെ സീപോര്‍ട്ട് - എയര്‍പോര്‍ട്ട് അതിവേഗ ജലപാത ആരംഭിക്കാന്‍ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ പ്രദേശങ്ങളിലൂടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി പാതാളം ബണ്ടുവഴി നടപ്പാക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കില്‍ അതിന്മേല്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ ?